**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2961** | **07.11.2019-ൽ മറുപടിക്ക്**

## റോഡുവികസനത്തിന് ജർമ്മൻ ഫണ്ട്

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ റോഡുവികസനത്തിന് ജർമ്മൻ ഫണ്ട് ലഭ്യമായിട്ടുണ്ടോ; ഏതെല്ലാം പദ്ധതികൾക്കാണ് ഇത് ലഭ്യമാകുന്നതെന്ന് വിശദീകരിക്കുമോ; | (എ) 2018 ജൂലൈ - ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ പൊതുമരാമത്ത് റോഡുകളുടെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരള ഇൻഷിയേറ്റീവിന്റെ ഭാഗമായി ജർമ്മൻ ബാങ്കിന്റെ ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച കരാർ പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ജർമ്മൻ ബാങ്ക് പ്രതിനിധിയും 06/11/2019-ന് ഒപ്പിട്ടിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ തകർന്നതായി പൊതുമരാമത്ത് നിരത്ത് വിഭാഗം വിലയിരുത്തി തയ്യാറാക്കിയ 59 റോഡുകളുടെ പട്ടികയിൽ നിന്നും M/s L&T Infrastructure Engineeriing Ltd മുഖേന ജർമ്മൻ ബാങ്കിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയ റോഡുകളുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ട ഏകദേശം 819 കി.മീ വരുന്ന റോഡുകൾക്കാണ് ജർമ്മൻ ബാങ്ക് ഫണ്ട് ലഭ്യമാക്കുന്നത്. ആയത് പ്രകാരം ആദ്യഘട്ടമായി പ്രസ്തുത പട്ടികയിലെ സൗത്ത് (s), സെൻട്രൽ (c) എന്നീ സോണുകളിൽ ഉൾപ്പെടുത്തിയ 538 കി.മീ റോഡുകൾ KfW-ൽ നിന്ന് ലഭിക്കുന്ന വായ്പയിൽ നിന്നും വിനിയോഗിക്കുന്നതിനാണ് പൊതുമരാമത്ത് വകുപ്പ് ലക്ഷ്യമിടുന്നത്. |
| (ബി) പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതല പ്പെടുത്തുന്നതിന് നിർദ്ദേശമുണ്ടോ; വിശദീകരിക്കുമോ; | (ബി) പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിനായി റോഡുകളുടെ മുൻഗണനക്രമം നിശ്ചയിക്കുന്നതിന് ചെന്നൈ ആസ്ഥാനമായ M/s L&T Infrastructure Enginenring Ltd യെ ചുമതലപ്പെടുത്തിയിരുന്നു. കെ.എസ്.റ്റി.പി മുഖേന നടപ്പിലാക്കുന്നതിനാണ് ധാരണയായിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയിൽ കൊല്ലം ജില്ലയിലെ ഏതെല്ലാം പദ്ധതികളെ ഉൾപ്പെടുത്തുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ? | (സി) | കൊല്ലം ജില്ലയിലെ റോഡുകൾ ആദ്യഘട്ട പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ